പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2271 15.07.2011 ൽ മറുപടിക്ക്

# റോഡ് മാർക്കിംഗ് പെയിന്റ് വാങ്ങുന്നതിലെ ക്രമക്കേട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) റോഡുകളിൽ സീബ്രാ ലൈൻ വരയ്ക്കാൻ ഉപയോഗിക്കുന്ന തെർമോപ്ലാസ്റ്റിക് റോഡ് മാർക്കിംഗ് പെയിന്റ് വാങ്ങുന്നതിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) പെയിന്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; | (ബി) ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ നിബന്ധനകൾ പ്രകാരം തെർമോ പ്ലാസ്റ്റിക് റോഡ് മാർക്കിംഗ് പെയിന്റിന്റെ വിവിധ ഘടകങ്ങളുടെ BIS, ASTM എന്നിവ പ്രകാരമുള്ള പരിശോധനാ സർട്ടിഫിക്കറ്റ് നിർമ്മാതാവിൽ നിന്നും ഹാജരാക്കേണ്ടതാണ്. പരിശോധന അംഗീകൃത ലബോറട്ടറികളിൽ ചെയ്തതാകണം. വിവിധ ഘടകങ്ങളുടെ സംയോജനവും പെയിന്റ് ചെയ്യുന്ന രീതിയും ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡപ്രകാരമാണെന്ന് പ്രവൃത്തിക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. |
| (സി) ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താറുണ്ടോ ? | (സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ